കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.

268 (933) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ഗവൺമെൻറ് ഐ.ടി.ഐ.-ൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണ പ്രവൃത്തി നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ ; ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടുണ്ടോ ; പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും ; വിശദ മാക്കാമോ ;

(ബി) ഐ.ടി.ഐ.-ൽ 2010-ൽ ആരംഭിച്ച ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവിടെ നിലവിലുള്ള ഇലക്ട്രോണിക്, മെക്കാനിക്ക് കെട്ടിടത്തിന്റെ രണ്ടാംനില നിർമ്മിക്കുന്നതിന് തയ്യാറാക്കി സമർപ്പിച്ച പ്രോജക്ടിൽ തൊഴിലും നൈപുണ്യവും പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) കൊയിലാണ്ടി ഐ.ടി.ഐ.-ൽ വളരെ അത്യാവശ്യമായി നടപ്പിലാക്കേണ്ടുന്ന ഈ പ്രോജക്ടിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഐ.ടി.ഐ.-യുടെ അപ്ഗ്രഡേഷന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; ഇതിനായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് റിപ്പോർട്ട്/അപേക്ഷ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-ൽ ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന വർക്ക്ഷോപ്പ് കെട്ടിട നിർമ്മാണത്തിനുവേണ്ടി ടെൻഡർ നൽകിക്കഴിഞ്ഞു. മറ്റ് ടെൻഡർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) ഉണ്ട്. ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് വേണ്ടത്ര സ്ഥലസൗകര്യം ഇല്ലാത്തതിനാൽ നിലവിലുള്ള ഇലക്ട്രോണിക് മെക്കാനിക് കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മിക്കുന്നതിന് വേണ്ടി 35 ലക്ഷം രൂപ 2230-03-101-87- Modernisation of ITIs (P) 2014-15 ശീർഷകത്തിൽനിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് ട്രെയിനിംഗ് ഡയറക്ടർ സർക്കാരിന് 19-11-2014-ലെ ഇ.7/13756/2012(2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ ഉപകരണ സംഭരണത്തിനായി വകയിരുത്തിയിരുന്ന 30 കോടി രൂപയിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുകയിൽനിന്നും ടി രണ്ടാംനില കെട്ടിടം നിർമ്മിക്കുന്നതിന് 35 ലക്ഷം രൂപ അനുവദിക്കണമെന്നതായിരുന്നു ട്രെയിനിംഗ് ഡയറക്ടറുടെ പ്രൊപ്പോസൽ. ടി പ്രൊപ്പോസൽ 27499/സി3/14/ തൊഴിൽ നമ്പർ ഫയലിൽ ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം 23-1-2015-ലെ ജി.ഒ.(പി) നമ്പർ 48/15/ ധന. നമ്പർ ഉത്തരവുപ്രകാരം ശിപാർശ ലഭ്യമാക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് 4-4-2015-ൽ നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ടി ഉത്തരവിൽ പ്രതിപാദിച്ചപോലെ കൊയിലാണ്ടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള തുക ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ഇൻഫർമേഷൻ ക്ലസ്റ്റർ ട്രേഡിന് അഫിലിയേഷൻ നേടിയെടുക്കുന്നതിലേയ്ക്കായി ടി കെട്ടിടനിർമ്മാണത്തിനായി 35 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ മോഡണൈസേഷൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് 2-5-2015-ലെ ഇ-7/13756/12 (2) പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ഫയൽ നം.9229/സി3/15/തൊഴിൽ-ൽ പരിശോധിച്ചുവരുന്നു.

(ഇ) ഐ.ടി.ഐ.-യുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട ശിപാർശകൾ ഒന്നുംതന്നെ പ്രിൻസിപ്പളിൽനിന്നും ലഭ്യമായിട്ടില്ലെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരനിയമനം

269 (934) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;